(ബി) ഈ സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതിയുടെ എത്ര ശതമാനമാണ് എന്ന് വെളിപ്പെടുത്തുമോ ;

(സി) കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിന് അർഹതപ്പെട്ട എത്ര യൂണിറ്റ് വൈദ്യുതി പ്രതിമാസം ലഭിക്കുന്നുണ്ട് ;

(ഡി) സംസ്ഥാനത്ത് ലോഡ് ഷെഡിംഗ് നിലവിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ലോഡ് ഷെഡിംഗ് എന്നത്തേയ്ക്ക് പിൻവലിക്കും എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ലോഡ് ഷെഡിംഗ് പിൻവലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2000 ജനുവരി മുതൽ മെയ് വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്തെ പ്രതിദിന ശരാശരി ഉൽപാദനം 26.43 ദശലക്ഷം യൂണിറ്റായിരുന്നു.

(ബി) ഇത് സംസ്ഥാനത്തിനാവശ്യമായ വൈദ്യുതിയുടെ 75.96 ശതമാനം ആണ്.

(സി) ജനുവരി 2000 മുതൽ കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന വൈദ്യുതി താഴെ കാണുംപ്രകാരമാണ്.

ജനുവരി	280.97	മില്യൻ യൂണിറ്റ്
ഫെബ്രുവരി	261.55	"
മാർച്ച്	275.95	"
ഏപ്രിൽ	213.68	"
മേയ്	256.56	"

(ഡി) സംസ്ഥാനത്ത് ജില്ലാ ആസ്ഥാനങ്ങളൊഴികെയുള്ള പ്രദേശങ്ങളിൽ പ്രവർത്തി ദിവസങ്ങളിൽ ലോഡ് ഷെഡിംഗ് നിലവിലുണ്ട്.

(ഇ&എഫ്) സംസ്ഥാനത്തെ വൈദ്യുതി പ്രസരണ വിതരണ ശൃംഖലകൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമായി നടന്നുവരുകയാണ്. അവ പൂർത്തിയായിക്കഴിഞ്ഞാൽ ലോഡ് ഷെഡിംഗ് പിൻവലിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുത ബോർഡിന് സബ്സിഡി ഇനത്തിൽ നൽകേണ്ട തുക

79 (231) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ കഴിഞ്ഞ നാല് വർഷത്തെ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഓരോ വർഷവും നഷ്ടം നികത്തുവാൻ സബ്സിഡിയായി സർക്കാർ നൽകേണ്ട തുക എത്രവീതമായിരുന്നു ;

(സി) അതിൽ എന്തു തുക വൈദ്യുതി ബോർഡിന് നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ തുക നൽകുന്നതിന് ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ബോർഡിന്റെ 1995-96, 1996-97 എന്നീ വർഷങ്ങളിലെ വാർഷിക കണക്കനുസരിച്ചും 1997-98, 1998-99 എന്നീ വർഷങ്ങളിലെ താൽക്കാലിക വാർഷിക കണക്കനുസരിച്ചും ബോർഡ് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 1999-2000-ലെ വാർഷിക കണക്ക് ആയിട്ടില്ല. 1995-1996മുതൽ 1998-1999 വരെയുള്ള ലാഭത്തിന്റെ കണക്ക് താഴെ കൊടുക്കുന്നു.

1995-96	22.76 കോടി രൂപ
1996-97	23.99 "
1997-98	24.62 "
1998-99	38.75 "

ഏതെങ്കിലും വർഷത്തിൽ ബോർഡിന്റെ ക്യാപിറ്റൽ ബേസിന്റെ മൂന്ന് ശതമാനം മിച്ചം ആർജ്ജിക്കാൻ കഴിയാതെ വന്നാൽ, ആ വർഷം ആ മിച്ചം എത്തിക്കാൻ എന്ത് തുകയുടെ കുറവുണ്ടോ അത്രയും തുകയുടെ ധനസഹായം (സബ്സിഡി) ബോർഡിന് സർക്കാർ നൽകാമെന്ന് 16-8-1995-ലെ സർക്കാർ ഉത്തരവ് പ്രകാരം സമ്മതിച്ചിട്ടുണ്ട്. സർക്കാരിന്റെ അത്തരത്തിലുള്ള ധനസഹായം (സബ്സിഡി) കൂടി കണക്കാക്കിക്കൊണ്ടാണ് ബോർഡിന്റെ ലാഭം കണക്കാക്കിയിരിക്കുന്നത്.

(ബി) ഈ ഓരോ വർഷവും 3 ശതമാനം മിച്ചം ആർജ്ജിക്കുവാൻ സബ്സിഡിയായി സർക്കാർ നൽകേണ്ട തുക താഴെ കൊടുക്കുന്നു.

1995-96	58.30 കോടി രൂപ
1996-97	278.02 "
1997-98	
(താൽക്കാലിക കണക്കനുസരിച്ച്)	309.67 "
1998-99	301.71 "

(സി) ബോർഡിന്റെ വാർഷിക കണക്കിൽ സർക്കാരിന്റെ ധനസഹായം കണക്കാക്കി ലാഭം കണക്കാക്കിയിട്ടുണ്ടെങ്കിലും ആ ധനസഹായം ബോർഡിന് സർക്കാർ നൽകിയിട്ടില്ല.

(ഡി) ഈ തുക നൽകുന്നതിന് സർക്കാർ ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly